(ഡി) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് 1991-ലെ കേരള കൈത്തൊഴിലാളി-വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായി ചേർന്ന് ആനുകൂല്യങ്ങൾ നേടാവുന്നതാണ്. തെങ്ങുകയറ്റ തൊഴിലിനിടെയുണ്ടാകുന്ന അപകടംമൂലം സ്ഥായിയായ അംഗവൈകല്യമോ മരണമോ സംഭവിച്ചാൽ ധനസഹായം നൽകുന്നതിന് എക്സ്ഗ്രേഷ്യാ ധനസഹായ പദ്ധതി നിലവിലുണ്ട്. ഇവർക്കുള്ള ഇൻഷ്വറൻസ് ആനുകൂല്യം പുതുക്കി നിശ്ചയിക്കുന്ന കാര്യം തദ്ദേശസ്വയംഭരണ വകുപ്പ് പരിഗണിച്ചുവരുന്നുണ്ട്.

തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധിയും ക്ഷേമപദ്ധതികളും

56 (5461) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര തെങ്ങുകയറ്റത്തൊഴിലാളികൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധിയും ക്ഷേമപദ്ധതികളും നിലവിലുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) തെങ്ങുകയറ്റത്തൊഴിലാളികളുടെ ആനുപാതിക കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച കൃത്യമായ കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

(ബി&സി) ഇവർക്ക് പ്രത്യേകമായി ക്ഷേമനിധിയും ക്ഷേമപദ്ധതിയും നിലവിലില്ല. എന്നാൽ 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ ഇവർക്ക് അംഗമാകാവുന്നതാണ്. കൂടാതെ കേരള അസംഘടിത തൊഴിലാളി ക്ഷേമപെൻഷൻ പദ്ധതിയിലും മരം കയറ്റ തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. മരം കയറ്റ തൊഴിലിനിടയിൽ മരത്തിൽ നിന്നും വീണ് അപകടം പറ്റുന്നവർക്ക് 25,000 രൂപയും മരണമടയുന്നവരുടെ ആശ്രിതർക്ക് 50,000 രൂപയും നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ഡി) ഇക്കാര്യത്തിൽ പ്രത്യേകിച്ച് നടപടികളൊന്നും തന്നെ തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടില്ല. എന്നാൽ ഇവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി ഒരു പദ്ധതി രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1